പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2159 — 17.06.2014 ലെ മറുപടിയ്ക്ക്

കാരുണ്യ ബെനഫിഷറി പദ്ധതി വ്യവസ്ഥകൾ ഉദാരമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കാരുണ്യ ബെനഫിഷറി പദ്ധതിയിൽ ഗുരുതരമായ രോഗങ്ങൾക്ക് വേഗത്തിൽ പണമനുവദിയ്ക്കുന്നതിന് വ്യവസ്ഥ നിലവിലുണ്ടോ; | (എ) കാരുണ്യ ചികിത്സാ പദ്ധതിയിൽ ചികിത്സാ ധനസഹായത്തിനായി അപേക്ഷ നൽകിയിട്ടുള്ള രോഗികൾക്ക് അടിയന്തിര സന്ദർഭങ്ങളിൽ മുൻകൂർ ചികിത്സാ അനുമതി നൽകുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി പ്രധാനപ്പെട്ട ആശുപത്രികളിലേക്ക് ഇംപ്രസ്റ്റ് മണിയും നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ പദ്ധതി പ്രകാരം അഡ്മിനിസ്ട്രേറ്ററും നേരിട്ട് മുൻകൂർ ചികിത്സാ അനുമതി നൽകി വരുന്നുണ്ട്. |
| (ബി) അടിയന്തിര ശസ്ത്രക്രിയക്കു വിധേയമാകേണ്ടിവന്നാൽ ശസ്ത്രക്രിയാനന്തരം അപേക്ഷിച്ചാലും വ്യവസ്ഥ ചെയ്യുമോ; | (ബി) കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയമായമാകേണ്ടി വരുന്ന രോഗികൾക്ക് ശസ്ത്രക്രിയ നടത്തി 48 മണിക്കൂറിനുള്ളിൽ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നൽകാവുന്നതാണ്. ഇത് സംബന്ധിച്ചുള്ള ഡോക്ടറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകുന്നതാണ്. |
| (സി) ഈ പദ്ധതിയുടെ വ്യവസ്ഥകൾ കുറച്ചുകൂടി ഉദാരമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) നിലവിലുള്ള വ്യവസ്ഥകൾ ചികിത്സാ സഹായം പെട്ടെന്ന് ലഭ്യമാക്കുന്നതിന് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ.